## 18

# രണ്ടാമത്തെ ഒരു സെറ്റ് അത്ഭുതങ്ങൾ

## (8:23- 9:8)

മത്തായി 8:23-9:8 വരെ യേശു ചെയ്ത മൂന്നു അത്ഭുതങ്ങൾ കൂടെ വെളിപ്പെടുത്തുന്നു. അതിൽ കാറ്റിനെ ശാന്തമാക്കുന്നതും (8:23-27), രണ്ട് ഭൂതബാധിതരെ സൗഖ്യമാക്കുന്നതും (8:28-34), പക്ഷവാതരോഗിയെ സൗഖ്യമാക്കുന്നതും (9:1-8) ഉൾപ്പെടുന്നു. അവയിൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്നത് പ്രകൃതിയുടെ മേലുള്ള അവന്റെ ശക്തി, തിന്മയുടെ മേലുള്ള ആത്മിയ ശക്തി, ശാരീരിക രോഗത്തിന്മേലുള്ള ശക്തി എന്നിവയാണ്. അവയിൽ വിശ്വാസവും, സംശയവും, മാനസാന്തരവും, ത്യജിക്കലും, സ്വീകരിക്കലും എല്ലാം സമ്മിശ്രമായി കിടക്കുന്നു.

### കാറ്റിനെ ശാന്തമാക്കൽ (8:23-27)

**23അവൻ ഒരു പടകിൽ കയറിയപ്പോൾ, അവന്റെ ശിഷ്യന്മാർ കൂടെ
ചെന്നു. 24പിന്നെ കടലിൽ വലിയ ഓളം ഉണ്ടായിട്ടു പടക് തിരകളാൽ മുങ്ങു
മാറായി; അവനോ ഉറങ്ങുകയായിരുന്നു. അവർ അടുത്തു ചെന്നു 25"കർത്താ
വേ, രക്ഷിക്കേണമേ, ഞങ്ങൾ നശിച്ചുപോകുന്നു" എന്നു പറഞ്ഞു അവനെ
ഉണർത്തി. അവൻ അവരോട്, 26"അൽപവിശ്വാസികളേ, നിങ്ങൾ ഭീരുക്കൾ
ആകുവാൻ എന്ത്" എന്നു പറഞ്ഞ ശേഷം എഴുന്നേറ്റു കാറ്റിനേയും കടലി
നേയും ശാസിച്ചപ്പോൾ, വലിയ ശാന്തതയുണ്ടായി. 27എന്നാറെ ആ മനുഷ്യർ
അതിശയിച്ചു. "ഇവൻ എങ്ങനെയുള്ളവൻ? കാറ്റും കടലും കൂടെ അവനെ
അനുസരിക്കുന്നുവല്ലോ എന്നു പറഞ്ഞു."**

സമർപ്പിക്കപ്പെടാത്ത ശിഷ്യന്മാരിൽനിന്നു രംഗം (8:18-22) വിശ്വാസക്കുറവ് ബാധിച്ച ശിഷ്യന്മാരിലേക്ക് തിരിഞ്ഞു (8:23-27). യേശു പലപ്പോഴും ശക്തരായ അനുയായികളെയും അപ്പോൾ തന്നെ നിരാശരാക്കിയവരേയും സമീപിച്ചിരുന്നു.

**വാക്യം 23.** വൈകുന്നേരമായപ്പോൾ, യേശു **പടകിൽ** കയറി അക്കരെക്കു പോയി, പന്തിരുവരിൽ ചിലരും പടകിൽ അവനോടുകൂടെ ഉണ്ടായിരുന്നു. **മറ്റു ശിഷ്യന്മാർ** വെറെ പടകിൽ അവനെ അനുഗമിച്ചു (മർക്കൊ. 4:36).

**വാക്യം 24.** യേശുവും ശിഷ്യന്മാരും പടകിൽ യാത്ര ചെയ്തുകൊണ്ടിരുന്നപ്പോൾ, **കടലിൽ വലിയ കാറ്റടിച്ചു**. ഗലീലാ കടലിനെ കുറിച്ച്, റോബർട്ട് മൗൺസ് പറഞ്ഞു,

> പിയർ-ആകൃതിയിലുള്ള തടാകം (വടക്കുനിന്നു തെക്കോട്ട് പതിമൂന്നു മൈൽ നീളവും എട്ടു മൈൽ വീതിയും) സമുദ്രനിരപ്പിൽനിന്നു 680 അടി

താഴെയായി കിടക്കുന്നു. ചുറ്റുമുള്ള വലിയ കുന്നിൽ പോലെ കിടക്കുന്ന മലകളിൽനിന്നും യാതൊരു മുന്നറിയിപ്പുമില്ലാതെ പെട്ടെന്ന് ശക്തമായ കാറ്റ് തടാകത്തിലേക്ക് അടിക്കും.[1]

തണുത്ത കാറ്റ് മലമുകളിലേക്ക് ഉയരുമ്പോൾ ചൂടാകുകയും അതു ഗലീലാ കടലിലേക്ക് അടിക്കുമ്പോൾ, കടലിലെ വെള്ളം ചുഴലിക്കാറ്റിന്റെ അനുഭവത്തിലെന്ന പോലെ ആക്കും. ആ കാഠിന്യത്തെ വ്യക്തമാക്കുന്നതാണ് ഗ്രീക്ക് വാക്ക് (*സീയെസ്മോസ്*) തർജിമ ചെയ്ത "സ്റ്റോം." ആ വാക്ക് സൂചിപ്പിക്കുന്നത് "ഭൂകമ്പം" (24:7; 27:54; 28:2; പ്രവൃ. 16:26; വെളി. 6:12; 8:5; 11:13, 19; 16:18). ആ കാറ്റ് പെട്ടെന്ന് ശക്തി പ്രാപിക്കുന്നതാണ് (14:24 നോക്കുക).

മീൻപിടിക്കുന്ന ചെറിയ **പടക്** (*പ്ലോയിയോൺ*) **തിരകളാൽ മൂടി**. മർക്കൊസ് വിവരിച്ചത് "പടകിൽ തിര തള്ളി കയറുകകൊണ്ട് പടക് മുങ്ങുമാറായി" എന്നാണ് (മർക്കൊ. 4:37). തിരകൾ പടകിൽ തള്ളിക്കയറുമ്പോൾ, **യേശു ഉറങ്ങുകയായിരുന്നു**. ശക്തമായ കാറ്റോ തള്ളിക്കയറുന്ന തിരകളോ യേശുവിനെ ക്ഷീണിപ്പിച്ചില്ല. തിരുവെഴുത്തിൽ സുഖനിദ്ര ദൈവത്തിലുള്ള ആശ്രയമാണ് തെളിയിക്കുന്നത് (ഇയ്യോ. 11:18, 19; സങ്കീ. 3:5; 4:8; 127:2; സദൃശ. 3:24–26; പ്രവൃ. 12:6, 7).

**വാക്യം 25**. യേശു സമാധാനമായി കിടന്നുറങ്ങുമ്പോൾ, അവനോടുകൂടെയുണ്ടായിരുന്ന തന്റെ ശിഷ്യന്മാർ, ഭയന്നു വിറക്കുകയായിരുന്നു. **അവർ അവന്റെ അടുത്തു വന്നു അവനെ ഉണർത്തി** പറഞ്ഞു, "**കർത്താവേ, ഞങ്ങളെ രക്ഷിക്കേണമേ, ഞങ്ങൾ നശിച്ചുപോകുന്നു!**" മറ്റൊരവസരത്തിൽ, പത്രൊസ് വെള്ളത്തിന്മേൽ നടന്നു യേശുവിന്റെ അടുക്കലേക്ക് വരുമ്പോൾ മുങ്ങിത്തുടങ്ങിയപ്പോൾ, അവനും നിലവിളിച്ചു, "കർത്താവേ, എന്നെ രക്ഷിക്കേണമേ!" (14:30).

**വാക്യം 26**. യേശു ഉണർന്നു അവരെ ശാസിച്ചു പറഞ്ഞു, "**അൽപവിശ്വാസികളേ, നിങ്ങൾ ഭീരുക്കൾ ആകുവാൻ എന്ത്?**" "ഭയപ്പെടുക" എന്നതിന്റെ ഗ്രീക്ക് വാക്കിന്റെ (*ഡെയിലോസ്*) അർത്ഥം, "ധൈര്യമില്ലാത്ത," "ഭീരുത്വമുള്ള" അല്ലെങ്കിൽ "ഭയമുള്ള" എന്നാണ്. ആ വിശ്വാസികൾക്ക് "അൽപവിശ്വാസമെയുള്ളു" (*ഒലിഗോപിസ്റ്റോസ്*) എന്നാണ് യേശു പറഞ്ഞത്. ഗ്രീക്ക് വാക്ക് മത്തായിയിലും ലൂക്കൊസിലും മാത്രമാണ് കാണുന്നത്, അത് യേശു ശിഷ്യന്മാരെ വിവരിക്കുന്നതിനാണ് ഉപയോഗിച്ചിരിക്കുന്നത് (6:30 ന്റെ പരാമർശം നോക്കുക). യേശു ആരാണെന്ന് വാസ്തവത്തിൽ അവർ അറിഞ്ഞിരുന്നുവെങ്കിൽ - അതായത് സൃഷ്ടികർത്താവായ ദൈവപുത്രനാണ് അവൻ - ആ അറിവുണ്ടായിരുന്നുവെങ്കിൽ, അവനു സകലവും നിയന്ത്രിക്കുവാൻ കഴിയുമെന്ന ബോധ്യം അവരിൽ ഉണ്ടാകുമായിരുന്നു. യേശുവിന്റെ സാന്നിധ്യം തങ്ങൾക്ക് സുരക്ഷിതത്വമാണെന്ന് ആ ശിഷ്യന്മാർക്ക് മനസിലായില്ലേ? ദൈവത്തിന്റെ ഉദ്ദേശത്തെ പരാജയപ്പെടുത്തുവാൻ പ്രകൃതിക്കു കഴിയുകയില്ല എന്ന് അവർക്ക് മനസിലായിരുന്നില്ലേ? "യേശു അവരെ ശകാരിച്ചത് തന്നെ ശല്യം ചെയ്തതിനായിരുന്നില്ല. പിന്നെയോ അവരുടെ ഭയത്തെയായിരുന്നു."[2] ഈ അദ്ധ്യായത്തിൽ ഒരു വൈപരീത്യം ശ്രദ്ധിക്കുവാനുള്ളത്, ഈ ശിഷ്യന്മാരുടെ "അൽപ വിശ്വാസവും" ശതാധിപന്റെ "വലിയ വിശ്വാസവുമാണ്" (8:10).

യേശു എഴുന്നേറ്റു **കാറ്റിനേയും കടലിനേയും ശാസിച്ചപ്പോൾ വലിയ ശാന്തതയുണ്ടായി**. "ശാസന" എന്ന വാക്ക് (*എപിറ്റിമാവോ*) സാധാരണ ഒരാൾ

മറ്റൊരാളെ തിരുത്തകയോ, മുന്നറിയിക്കുകയോ ചെയ്യുന്നതിന് ഉപയോഗിക്കുന്നതാണ്. എങ്ങനെയായാലും, ചിലപ്പോൾ ഇത്തരം ശത്രുശക്തികൾക്കെതിരായി അത്ഭുതപ്രവൃത്തികൾക്കായും യേശു ആ വാക്ക് ഉപയോഗിച്ചിരിക്കുന്നു. അവൻ കാറ്റിനെ മാത്രമല്ല "ശാസിച്ചത്," പിന്നെയോ, ഒരു പനിയേയും (ലൂക്കൊ. 4:39) ഭൂതത്തെയും "ശാസിച്ചു" (ലൂക്കൊ. 9:42).

മർക്കൊസിന്റെ വിവരണത്തിൽ, യേശു പറഞ്ഞു, "കടലിനോട് അനങ്ങാതിരിക്കുക, അടങ്ങുക" (മർക്കൊ. 4:39). "അടങ്ങുക" എന്നതിന്റെ ഗ്രീക്ക് വാക്ക് (*ഫിമൂ*) എന്നാണ്. അതിനെ "മസിൽ" എന്ന വാക്ക് ഒരു മൃഗത്തെ കൊണ്ട് മെതിക്കുക എന്ന അർത്ഥത്തിലും തർജിമ ചെയ്യാം (1 തിമൊ. 5:18). കാറ്റ് പെട്ടെന്നു നിന്നു. ഡി. ഏ. കാർസൺ എഴുതി,

> ... യേശുവിൽ, രാജാവിന്റെ അധികാരവും, ദാസന്റെ ഹൃദയവുമാണുണ്ടായിരുന്നത് ... തന്റെ ശുശ്രൂഷയുടെ ആധിക്യത്താൽ ഉള്ള ക്ഷീണം നിമിത്തം യേശു പടകിൽ കിടന്ന് ഉറങ്ങിപ്പോയി; എങ്കിലും അവൻ പ്രകൃതിയുടേയും കാർത്താവാകുന്നു, ഒരു വാക്കിനാൽ അവൻ ആഞ്ഞടിച്ച കാറ്റിനെ ശാന്തമാക്കി. ദൈവികമായ അധികാരത്താൽ അവൻ കാറ്റിനേയും കടലിനേയും ശാന്തമാക്കി.[3]

**വാക്യം 27.** യേശു ചെയ്ത അത്ഭുതത്തിന്റെ ഫലമായി, ശിഷ്യന്മാർ **അതിശയിച്ചു**. "വിസ്മയിച്ചു" എന്നതിന്റെ ഗ്രീക്ക് വാക്ക് (*തൗമാസോ*) "അതിശയിച്ചു" എന്നും തർജിമ ചെയ്യാം (8:10), അതിയായ വിസ്മയത്തെയാണ് സൂചിപ്പിക്കുന്നത്. അവർ അതിശയിച്ചതിനു പുറമെ "വളരെയധികം ഭയപ്പെടുകയും ചെയ്തിരുന്നു" (മർക്കൊ. 4:41). അവർ കാറ്റിന്റെ ശക്തിയെ ഭയപ്പെട്ടതിനേക്കാളധികം യേശുവിന്റെ ശക്തിയെ ഭയപ്പെട്ടു. യേശു ചെയ്ത പല ആത്ഭുതങ്ങളും അവർ അതുവരെ കണ്ടിരുന്നു, എന്നാൽ അവന് പ്രകൃതിയേയും നിയന്ത്രിക്കുവാനുള്ള ശക്തിയുണ്ടെന്ന് മനസിലായപ്പോൾ അവർ അത്യധികം ഭയപ്പെട്ടു. അവർ ചോദിച്ചു, **"ഇവൻ എങ്ങനെയുള്ളവൻ, കാറ്റും കടലും കൂടെ അവനെ അനുസരിക്കുന്നുവല്ലോ?"** ഇരമ്പുന്ന കടലിനെ ഒതുക്കുവാൻ ദൈവത്തിനു മാത്രമെ കഴിയു (ഇയ്യോ. 38:8–11; സങ്കീ. 89:8, 9; 93:3, 4; 104:5–9; 106:9–12; 107:23–29).

## ഭൂത-ഗ്രസ്തരായ രണ്ടുപേരെ സൗഖ്യമാക്കുന്നു (8:28-34)

**[28]അവൻ അക്കരെ ഗദെരേനരുടെ ദേശത്ത് എത്തിയാറെ രണ്ട് ഭൂതഗ്രസ്തർ ശവക്കല്ലറകളിൽനിന്നു പുറപ്പെട്ടു അവന്ന് എതിരെ വന്നു. [29]അവർ അത്യുഗ്രന്മാർ ആയിരുന്നതുകൊണ്ട്, ആർക്കും ആ വഴി നടന്നുകൂടാഞ്ഞു. [30]അവർ നിലവിളിച്ചു, "ദൈവപുത്രാ ഞങ്ങൾക്കും നിനക്കും തമ്മിൽ എന്ത്? സമയത്തിനു മുമ്പെ ഞങ്ങളെ ദണ്ഡിപ്പിപ്പാൻ ഇവിടെ വന്നുവോ?" എന്നു പറഞ്ഞു. അവർക്കകലെ ഒരു വലിയ പന്നിക്കൂട്ടം മേഞ്ഞുകൊണ്ടിരുന്നു. ഭൂതങ്ങൾ അവനോട്, [31]"ഞങ്ങളെ പുറത്താക്കുന്നുവെങ്കിൽ പന്നിക്കൂട്ടത്തിലേക്ക് അയക്കേണം" എന്ന് അപേക്ഷിച്ചു. [32]"പൊയ്ക്കൊൾവിൻ!" എന്ന് അവൻ അവരോട് പറഞ്ഞു; അവർ പുറപ്പെട്ടു പന്നികളിലേക്ക് ചെന്നു, ആ കൂട്ടമെല്ലാം കടുന്തൂക്കത്തൂടെ കടലിലേക്ക് പാഞ്ഞു വെള്ളത്തിൽ മുങ്ങി**

**ചത്തു. 33മേയ്ക്കുന്നവർ ഓടി പട്ടണത്തിൽ ചെന്ന് സകലവും ഭൂതഗ്രസ്ത രുടെ വിവരവും അറിയിച്ചു. 34ഉടനെ പട്ടണം എല്ലാം പുറപ്പെട്ട് യേശുവിന് എതിരെ ചെന്നു. അവനെ കണ്ടാറെ ഞങ്ങളുടെ അതിർ വിട്ടുപോകേണം എന്ന് അപേക്ഷിച്ചു.**

**വാക്യം 28.** പുരുഷാരം ഒഴിഞ്ഞ് യേശുവിന് വിശ്രമിക്കുവാൻ പോലും സമയം കിട്ടാറില്ല. കാറ്റിനേയും ഗലീലാ കടലിനേയും ശാന്തമാക്കിയശേഷം, അവൻ ശിഷ്യന്മാരുമായി **മറുകര**യിലെത്തിയപ്പോൾ ഉടനെ മറ്റൊരു നാടകീയ രംഗം അഭിമുഖീകരിക്കേണ്ടി വന്നു (8:18 ന്റെ പരാമർശം നോക്കുക).

യേശു കടൽക്കരയിലെത്തിയ സ്ഥലം ഗദെരേനരുടെ ദേശമായിരുന്നു, എന്നാൽ മർക്കൊസും ലൂക്കൊസും പറഞ്ഞിരിക്കുന്നത് "ഗദരേന്യ ദേശം" എന്നാണ് (മർക്കൊ. 5:1; ലൂക്കൊ. 8:26). ലേവിസ് പറഞ്ഞു, "ഈ സമയത്ത് യേശു സന്ദർശിച്ച - കഫർന്നഹൂമിന് എതിരായ കടൽക്കരയുടെ - സ്ഥല നിർണ്ണയം കയ്യെഴുത്തുപ്രതികളിൽ വ്യക്തമല്ല."[4] പുരാതന കയ്യെഴുത്തുപ്രതികളിൽ കാണുന്ന മൂന്നു പേരുകൾ "ഗരെസേന്യ," "ഗെദരേന," "ഗെരഗെസേന്യ"[5] എന്നിവയാണ്. ആ മൂന്നു പേരുകളും മൂന്നു വ്യത്യസ്തമായ സ്ഥലങ്ങളെയാണ് സൂചിപ്പിക്കുന്നത്: ഗെരേസാ, ഗദാരാ, ഗെരഗേസാ.

(1) ഗെരേസാ ഇന്ന് അറിയപ്പെടുന്നത് "യെരാഷ്" എന്നത് ദെക്കപ്പൊലി പട്ടണങ്ങളിൽ ഒന്നായിരുന്നു. ഗലീലാ കടലിൽനിന്നും മുപ്പത്തി-യഞ്ചു മൈൽ തെക്ക്-തെക്കുകിഴക്കായി സ്ഥിതി ചെയ്തിരുന്നു, അത് വേദഭാഗത്തു പറയുന്ന സ്ഥലവുമായി യോജിക്കുന്നില്ല.

(2) ഗദരാ ദെക്കപ്പൊലിയിലെ മറ്റൊരു പട്ടണമായിരുന്നു, അത് ഗലീലാ കടലിൽനിന്നും അഞ്ചു-മൈൽ ദൂരെ തെക്കു-കിഴക്കായി സ്ഥിതി ചെയ്തിരുന്നു. യാർമുക് നദിയുടെ തെക്കു ഭാഗത്തുള്ള ഉംകൈയിസ് ആയി തിരിച്ചറിഞ്ഞിരിക്കുന്നു. അതിന്റെ പ്രദേശം കടൽ വരെ നീണ്ടു കിടന്നിരുന്നു, അത് മത്തായിയുടെ "ഗെദെരേന ദേശം" എന്ന വിവരണവുമായി യോജിക്കുന്നു. ഈ ആശയത്തെ പിന്തുണക്കുന്നതാണ് ജോസെഫസ് പറഞ്ഞിരിക്കുന്ന "തിബര്യാസ് കടൽക്കരയിൽ സ്ഥിതി ചെയ്തിരുന്ന ... ഗദരാ ... യുടെ ഗ്രാമങ്ങൾ" എന്ന പ്രയോഗം.[6] അതായിരിക്കുവാനാണ് കൂടുതൽ സാധ്യത.

(3) ഗെരെഗേസാ കടലിന്റെ കിഴക്കേ തീരത്തുള്ള ഒരു ടൗണായിരുന്നു. കിഴക്കെ കടൽത്തീരത്തിന്റെ മദ്ധ്യഭാഗത്തായി സ്ഥിതിചെയ്യുന്ന ഇന്നത്തെ കുർസി ആണെന്നാണ് പലരും തിരിച്ചറിഞ്ഞിരിക്കുന്നത്. 1970 നോടടുപ്പിച്ച് നടന്ന ഭൂഗർഭഗവേഷണങ്ങളിൽനിന്നു, ഒന്നാം നൂറ്റാണ്ടിലെ ഒരു ഗ്രാമം കണ്ടെടുത്തതോടുകൂടി, അഞ്ചാം നൂറ്റാണ്ടിലെ ഒരു ബാസില്ലയും കിട്ടിയിരുന്നു, അത് ഈ അത്ഭുതത്തെ ഓർക്കുന്നതിനായി പണിതതായിരുന്നു.[7]

യേശു ഇവിടെ വെച്ച് ഭൂതഗ്രസ്തരായ **രണ്ടുപേരെ** നേരിട്ടു എന്നാണ് മത്തായി വിവരിക്കുന്നത്, പക്ഷെ മർക്കൊസും ലൂക്കൊസും പറയുന്നത് ഒരാളെ മാത്രമാണ് (മർക്കൊ. 5:2; ലൂക്കൊ. 8:27). ഒരാൾ മാത്രമാണ് ഉണ്ടായിരുന്നതെന്ന് സുവിശേഷങ്ങൾ ഒന്നും പറയുന്നില്ല. അവരെല്ലാം ശ്രദ്ധിച്ചത് ബഹുഭൂതഗ്രസ്തരായതിനെയാണ്, അവരെല്ലാം പറയുന്നത് ഒരേ കാര്യം തന്നെയാണ് എന്ന കാര്യത്തിൽ സംശയമില്ല. മത്തായി 20:30-34-ൽ യേശു യെരിഹോവിൽ വെച്ച് രണ്ടു കുരുടന്മാരെ സൗഖ്യമാക്കി എന്നാണ് പറഞ്ഞിരിക്കുന്നത്, എന്നാൽ മർക്കൊസും ലുക്കൊസും പറയുന്നത് ഒരാളെയാണ്

(മർക്കൊ. 10:46-52; ലൂക്കൊ. 18:35-43). മർക്കൊസും ലൂക്കൊസും കൂടുതൽ നാടകീയമായി വിവരിക്കുന്നതൊഴിച്ചാൽ, ആ വ്യത്യാസത്തിന് പ്രത്യേക പ്രാധാന്യമില്ല. ഭൂതഗ്രസ്തനായ ഒരാൾ കൂടുതൽ വാചാലമാകുന്നതിൽ ആരെങ്കിലും ശ്രദ്ധിച്ചാൽ അതിശയിക്കുവാൻ കഴിയുകയില്ല.

അശുദ്ധാത്മാക്കൾ നിയന്ത്രിച്ചിരുന്ന, **ഭൂത-ഗ്രസ്തരായിരുന്നു** അവർ രണ്ടുപേരും. പഴയനിയമത്തിൽ, അത്തരം ഭൂത-ബാധകൾ അപൂർവ്വമായിരുന്നു. വ്യക്തികളിൽ വാസ്തവത്തിൽ "ഭൂതം" ബാധിച്ചിരുന്നോ എന്നു സംശയിക്കപ്പെട്ടിട്ടുമുണ്ട് (ന്യായാ. 9:23; 1 ശമു. 16:14-23). പുതിയനിയമത്തിൽ സുവിശേഷങ്ങൾക്ക് ശേഷം വളരെ കുറച്ച് ഉദാഹരണങ്ങൾ മാത്രമെ രേഖപ്പെടുത്തിയിട്ടുള്ളു (പ്രവൃ. 5:16; 8:7; 16:16-18; 19:11-16). തീർച്ചയായും, മോറിസ് പറഞ്ഞതുപോലെ, "യേശുവിന്റെ അവതാര സമയത്ത് എതിർത്തിരുന്ന തിന്മയുടെ ഭാഗമായിരുന്നു ബൈബിളിലെ ഭൂത-ബാധകൾ."[8]

ഭൂത-ബാധിതരായ മനുഷ്യർ സമൂഹത്തിൽനിന്നു പുറത്താക്കപ്പെട്ടതിനാൽ "സകല അശുദ്ധിയും മരിച്ച മനുഷ്യരുടെ അസ്ഥികളും നിറഞ്ഞ" **ശവക്കല്ലറ**യിലായിരുന്നു അവർ താമസിച്ചിരുന്നത് (23:27). അവർ **അക്രമകാരി**കളായിരുന്നതിനാൽ, അതുവഴി ആർക്കും **നടന്നുപോകുവാൻ** കഴിഞ്ഞിരുന്നില്ല. ടൗണിലുള്ളവർ അവരെ ഒറ്റക്കാക്കി, അവരുടെ അക്രമപ്രവൃത്തികൾ ശമിപ്പിക്കുവാൻ ആക്കിയിരുന്നു, എന്നാൽ വലിയ പ്രയോജനം ഒന്നുമുണ്ടായില്ല (മർക്കൊ. 5:3, 4; ലൂക്കൊ. 8:29). ചുരുങ്ങിയത് അവരിൽ ഒരാൾ "കല്ലറകളിലും, കുന്നുകളിലും കല്ലുകൊണ്ട് തന്നെത്താൻ ചതെച്ചും പോന്നു" (മർക്കൊ. 5:5). ഭൂതങ്ങളുടെ ഒരുകൂട്ടം തന്നെ ആ സാധു മനുഷ്യനെ ബാധിച്ചിരുന്നതായി മർക്കൊസ് രേഖപ്പെടുത്തിയിരിക്കുന്നു യേശു അവന്റെ പേർ ചോദിച്ചപ്പോൾ, പ്രതികരണം, "എന്റെ പേർ ലെഗ്യോൻ, ഞങ്ങൾ പലരാകുന്നു" (മർക്കൊ. 5:9). ഒരു റോമൻ ലെഗ്യോനിൽ, ആറായിരം പേരാണുണ്ടായിരുന്നത്, അതിനർത്ഥം ആ മനുഷ്യനിൽ ആറായിരം ഭൂതങ്ങളുണ്ടായിരുന്നു എന്നു ധരിക്കരുത്. "ലെഗ്യോൻ" എന്ന വാക്കിന് അസംഖ്യം അല്ലെങ്കിൽ അനേകർ എന്നാണ് അർത്ഥം.

**വാക്യം 29**. യേശുവിനെ കണ്ടപ്പോൾ, ആ മനുഷ്യൻ "ഓടിച്ചെന്നു യേശുവിനെ നമസ്ക്കരിച്ചു" (മർക്കൊ. 5:6). "നമസ്ക്കരിച്ചു" എന്നതിന് ഉപയോഗിച്ച ഗ്രീക്ക് വാക്ക് (*പ്രോസ്കുനെയോ*) ബഹുമാനിക്കുക അല്ലെങ്കിൽ ആദരിക്കുക എന്നർത്ഥം വരുന്ന പ്രകടനമാണ് അത് എന്നതിനാൽ "നമസ്ക്കാരം" എന്നും തർജിമ ചെയ്യാം (2:2 ന്റെ പരാമർശം നോക്കുക). ഈ സംഭവത്തിൽ, മനുഷ്യരിലുണ്ടാകുന്ന ധ്യാനത്തിനു പകരം, ഭൂതങ്ങളുടെ ഭാഗത്തുനിന്നും കീഴടങ്ങലാണ് കാണിക്കുന്നത്.

ആ രണ്ടുപേരിലുണ്ടായിരുന്ന ഭൂതങ്ങൾ നിലവിളിച്ചു, **"ഞങ്ങൾക്കും നിനക്കും തമ്മിൽ എന്ത്? ..."** അവരെ സ്വതന്ത്രമായി വിടുവാനായിരുന്നു അവർ ആഗ്രഹിച്ചത്; അതേ ചോദ്യം തിരുവെഴുത്തിൽ മറ്റു ഭാഗങ്ങളിൽ കാണാം (ന്യായാ. 11:12; 2 ശമു. 16:10; 19:22; 1 രാജാ. 17:18; 2 രാജാ. 3:13; 2 ദിന. 35:21; മർക്കൊ. 1:24; യോഹ. 2:4).

മൂന്നു സംക്ഷിപ്ത സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഭൂതങ്ങൾ ദൈവത്തിലും, യേശുവിനെ ദൈവപുത്രനായിട്ടും വിശ്വസിച്ചിരുന്നു എന്നാണ് (8:29; മർക്കൊ. 5:7; ലൂക്കൊ. 8:28). "പിശാചുക്കൾ വിശ്വസിക്കയും വിറക്കയും ചെയ്യുന്നു" എന്ന യാക്കോബിന്റെ പ്രസ്താവന ഉറപ്പിക്കുന്നതാണ് ആ വിശദീകരണം (യാക്കൊ. 2:19). പിശാചുക്കൾ യേശു ദൈവപുത്രനാ

ണെന്ന് വിശ്വസിക്കുക മാത്രമല്ല, അവൻ ദൈവത്തിന്റെ പരിശുദ്ധൻ എന്ന് ഏറ്റു പറയുക കൂടെ ചെയ്യുന്നു (മർക്കൊ. 1:24; 3:11; ലൂക്കൊ. 4:41).

ഭൂതങ്ങൾ യേശുവിനോട് ചോദിച്ചു, "**സമയത്തിനു മുമ്പെ ഞങ്ങളെ ദണ്ഡിപ്പിപ്പാൻ വന്നുവോ?**" ഭാവിയിൽ ഒരിക്കൽ അവരെ യാതനാ സ്ഥലത്തേക്ക് അവൻ അയക്കുമെന്ന് അവർക്ക് അറിയാമായിരുന്നു (25:41 നോക്കുക).

"പാതാളത്തിലേക്ക് പോകുവാൻ" കൽപിക്കരുതേ എന്ന് അവർ അവനോട് അപേക്ഷിച്ചു (ലുക്കൊ. 8:31). "അബിസ്" എന്നത് ലിപി മാറ്റിയ ഗ്രീക്ക് വാക്കാണ് *അബുസോസ്*, അതിന്റെ അർത്ഥം, "അളക്കുവാൻ പറ്റാത്ത ആഴം." അശുദ്ധാത്മാക്കൾ ന്യായവിധി നാളിനായി കാത്തിരിക്കുന്ന സ്ഥാനത്തെയാണ് അത് സൂചിപ്പിക്കുന്നത് (2 പത്രൊ. 2:4; യൂദാ. 6). കെജെവി അതു സാധാരണ തർജിമ ചെയ്തിരിക്കുന്നത് "അടിഭാഗമില്ലാത്ത കുഴി" എന്നാണ്. ഭയങ്കര ജീവികളുള്ളതും പുക വമിക്കുന്നതുമായ ഇരുട്ടുള്ള ആഴമേറിയ ഒന്നിനെയാണ് പാതാളമായി വെളിപ്പാടിൽ വരച്ചുകാണിച്ചിരിക്കുന്നത്. അതു ചങ്ങലയിട്ടു പൂട്ടിയിരിക്കുകയാണ്. അതിനകത്തു പ്രവേശിക്കുവാനും പുറത്തയക്കുവാനും കഴിയുന്ന വിധത്തിൽ ദൈവത്തിന്റെ കയ്യിലാണ് അതിന്റെ താക്കോൽ (വെളി. 9:1, 2, 11; 11:7; 17:8; 20:1, 3). യേശു അവരെ നിശ്ചയിച്ച സമയത്തിനു മുൻപ് പാതാളത്തിലേക്ക് അയക്കുമെന്നായിരുന്നു ഭൂതങ്ങളുടെ പേടി.

**വാക്യം 30.** യേശുവിനും ഭൂത-ഗ്രസ്തരായ മനുഷ്യർക്കും അൽപം**ദൂരെ ഒരു വലിയ പന്നിക്കൂട്ടം "മേഞ്ഞുകൊണ്ടിരുന്നു.**" (ഏബി). അവ ഏതാണ്ട് "രണ്ടായിരത്തോളം വരും." (മർക്കൊ. 5:13). ആ പ്രദേശത്തിന്റെ ഒരു ഭാഗത്ത് ജാതികൾ തിങ്ങി പാർത്തിരുന്നു (സുറിയക്കാർ).[9] യെഹൂദന്മാരേക്കാൾ ജാതികളായിരുന്നു പന്നികളെ വളർത്തിയിരുന്നത് (7:6 ന്റെ പരാമർശം നോക്കുക). റബ്ബിമാരുടെ ഒരു പാരമ്പര്യം പറയുന്നത് "യിസ്രായേലിൽ, യെഹൂദന്മാർ ഒരിടത്തും പന്നിയെ വളർത്തിയിരുന്നില്ല."[10]

**വാക്യങ്ങൾ 31, 32. ഭൂതങ്ങൾ** യേശുവിനെ ദൈവപുത്രനായി തിരിച്ചറിയുക മാത്രമല്ല (8:29), അവരെ ഓടിക്കുവാനുള്ള ശക്തിയും അവനുണ്ടെന്ന് തിരിച്ചറിഞ്ഞിരുന്നു. അവർ യേശുവിനോട് അപേക്ഷിച്ചു, "**ഞങ്ങളെ പുറത്താക്കുന്നു എങ്കിൽ, പന്നിക്കൂട്ടത്തിലേക്ക് അയക്കേണം.**" ഡൊണാൾഡ് ഏ. ഹാഗ്നെർ ഈ വിലയേറിയ മുന്നറിയിപ്പ് നൽകിയിരിക്കുന്നു:

> വ്യാഖ്യാതാക്കൾക്ക് ഉത്തരം പറയുവാ-നാകാത്ത ചോദ്യങ്ങൾ വായനക്കാരിൽനിന്നുയരുമെന്നത് തർക്കമറ്റ കാര്യമാണ്, ഉദാഹരണമായി എന്തുകൊണ്ടാണ് ഭൂതങ്ങൾ അങ്ങനെ ആവശ്യപ്പെട്ടത് (വാ. 31)? പന്നികൾ മുങ്ങി ചത്തപ്പോൾ ഭൂതങ്ങളുടെ അവസ്ഥ എന്തായി (വാ. 32)? ഈ ചോദ്യങ്ങൾക്കും ഇതുപോലെയുള്ള മറ്റു ചോദ്യങ്ങൾക്കും ഉത്തരം നൽകുവാൻ, ഭൂതങ്ങളുടെ ലോകത്തിലെ പ്രത്യേക ജ്ഞാനവും മാനസികാവസ്ഥയും അറിയണം ഇല്ലെങ്കിൽ അവയെല്ലാം ഊഹിക്കുവാൻ മാത്രമെ നമുക്ക് കഴിയു.[11]

പന്നികളിലേക്ക് അയക്കണം എന്നു ഭൂതങ്ങൾ ആവശ്യപ്പെടുവാൻ കാരണം പാതാളം ഒഴിവാക്കുവാനായിരിക്കാം. തടവിനേക്കാൾ നല്ലതായിരുന്നു പന്നികളിൽ വസിക്കുക എന്നത്! കൂടാതെ മത്തായി 12:43–45 പറയുന്നത് അശുദ്ധാത്മാക്കൾക്ക് ഒരു ശരീരത്തിൽ വസിക്കാതെ വിശ്രമം കിട്ടുകയില്ല എന്നു

തോന്നുന്നു. എങ്ങനെയായാലും, ഒരു പിശാചിന്റെ പതുങ്ങിയിരിക്കുവാനുള്ള ആവശ്യം അംഗീകരിക്കപ്പെട്ടു എന്നു തോന്നുന്നു. പന്നികളിൽ പ്രവേശിക്കുന്നതിന് മുൻപ് അവരിൽ എന്തെങ്കിലും നശീകരണ ഉദ്ദേശം ഉണ്ടായിരുന്നോ? വലിയ പന്നിക്കൂട്ടം നശിക്കുമ്പോൾ, ജനങ്ങളെല്ലാം യേശുവിനെതിരെ തിരിയുമെന്ന് അവർക്ക് അറിയാമായിരുന്നോ? അവരുടെ ഉദ്ദേശം അതായിരുന്നാലും അല്ലെങ്കിലും, ഫലം തീർച്ചായായും അതായിരുന്നു.

യേശുവിന്റെ ഒറ്റ-വാക്കുള്ള കൽപന, **"പൊയ്ക്കൊൾവിൻ!"** എന്നായിരുന്നു. ഭൂതങ്ങൾ പന്നികളിലേക്ക് പോയി. ഭൂതങ്ങൾ **പന്നികളിൽ** പ്രവേശിച്ചയുടനെ ആ കൂട്ടമെല്ലാം **കടുന്തൂക്കത്തോടെ കടലിലേക്ക് ചാടി** ചത്തുകളഞ്ഞു. അതിനു ശേഷം ഭൂതങ്ങൾക്ക് എന്തു സംഭവിച്ചു എന്നു നമുക്ക് അറിയില്ല. ഇതിൽനിന്നു നമുക്ക് തീർച്ചയാക്കാം: അവർ ദുഷ്ടാത്മാക്കളാകയാൽ, മുങ്ങിയാലും നശിക്കുകയില്ല. അവരെ അങ്ങനെ നശിപ്പിക്കുവാൻ കഴിയുമെന്ന് അറിഞ്ഞാൽ അവ പന്നികളെ കടലിലേക്ക് ചാടിക്കുമായിരുന്നില്ല. ഭൂതങ്ങൾക്ക് നശിപ്പിക്കുവാനുള്ള കഴിവുണ്ടെങ്കിലും, സ്വയം-നശിപ്പിക്കുവാനുള്ള കഴിവില്ല.

**വാക്യം 33**. പന്നികളെ **മേയ്ക്കുന്നവർ** ഉടമസ്ഥരായിരുന്നില്ല, അവർ ഉടമസ്ഥനുവേണ്ടി കൂലിക്ക് മേയ്ക്കുന്ന ഉത്തരവാദിത്തമായിരുന്നു അവർക്ക്. അതു ജാതികളുടെ പ്രദേശമാകയാലും, പന്നികളുടെ വലിയ കൂട്ടം ഉണ്ടായിരുന്നതിനാൽ, ധനവാന്റേതായിരുന്നേക്കാം പന്നികൾ, അയാൾ കൂലിക്കാരെ നോക്കുവാൻ ഏൽപിച്ചതാകാം.

പന്നികളെ മേക്കുന്നവർ സംഭവത്തിൽ ഭയന്നിരിക്കുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല, അവർ **ഓടി സംഭവിച്ചതെല്ലാം പട്ടണത്തിൽ ചെന്ന് അറിയിച്ചു**. തീർച്ചയായും, പന്നികളുടെ വലിയ നഷ്ടം അവർക്ക് നികത്താവുന്നതായിരുന്നില്ല. **ഭൂതങ്ങൾക്ക് സംഭവിച്ചതും** അവർ ജനത്തോട് അറിയിച്ചു.

**വാക്യം 34**. പന്നിമേക്കുന്നവരുടെ അറിയിപ്പ് പട്ടണത്തെ ഞെട്ടിച്ചു, **പട്ടണം മുഴുവൻ യേശുവിനെ കാണുവാൻ ചെന്നു**. ആളുകൾ അവനെ കണ്ടുമുട്ടിയപ്പോൾ എന്താണ് കണ്ടത്? മർക്കൊസ് ശ്രദ്ധിച്ച മനുഷ്യൻ - ലെഗ്യോൻ ഉണ്ടായിരുന്ന ഭൂത - ഗ്രസ്തൻ - "വസ്ത്രം ധരിച്ചും സുബോധം പൂണ്ടും ഇരിക്കുന്നതു കണ്ടു." (മർക്കൊ. 5:15). വലിയ കാറ്റിനെ യേശു ശാന്തമാക്കിയതുപോലെ (8:26), ആ രണ്ട് അക്രമകാരികളുടെ ജീവിതത്തിലും സമാധാനം കൊണ്ടുവന്നു.

ആളുകൾ യേശുവിനെ സമീപിച്ച്, **തങ്ങളുടെ അതിർവിട്ടുപോകുവാൻ ആവശ്യപ്പെട്ടു**. ആളുകൾക്ക് പന്നികൾ നഷ്ടപ്പെട്ടതുകൊണ്ടാണ് അവർ പരിഭ്രാന്തരായത് എന്നാണ് ചിലർ വിശ്വസിക്കുന്നത്, അവർ അങ്ങനെ പ്രതികരിക്കുവാനുള്ള മറ്റൊരു കാരണം മർക്കൊസ് പറയുന്നു: യേശുവിന്റെ അത്യത്ഭുത ശക്തി കണ്ട് "അവർ ഭയപ്പെട്ടു" (മർക്കൊ. 5:15). മുൻപ് ഭൂതം ബാധിച്ചിരുന്ന ആൾക്ക് സംഭവിച്ച സാക്ഷ്യം മേയ്ക്കുന്നവർ പറഞ്ഞത് സ്വീകരിക്കുവാനല്ലാതെ മറ്റൊന്നിനും അവർക്ക് കഴിഞ്ഞില്ല - ചത്തു മലന്ന് പന്നികൾ ഒരുപക്ഷെ കടലിൽ കിടന്നിരിക്കുവാനും സാധ്യതയുണ്ട്.

ഭൂതഗ്രസ്തനായിരുന്ന ആൾ യേശുവിനോട്, "ഞാനും കൂടെ പോരട്ടെ?" എന്നു ചോദിച്ചതായി മർക്കൊസ് രേഖപ്പെടുത്തിയിരിക്കുന്നു (മർക്കൊ. 5:18). കർത്താവ് അവനോട്, "നിന്റെ വീട്ടിൽ നിനക്കുള്ളവരുടെ അടുക്കൽ ചെന്ന് കർത്താവ് നിനക്ക് ചെയ്തതു ഒക്കെയും നിന്നോട് കരുണ കാണിച്ചതും പ്രസ്താവിക്ക എന്നു പറഞ്ഞു" (മർക്കൊ. 5:19). തൽഫലമായി, "അവൻ പോ

യി യേശു തനിക്കു ചെയ്തതു ഒക്കെയും ദക്കെപ്പൊലി നാട്ടിൽ ഘോഷിച്ചു തുടങ്ങി; എല്ലാവരും ആശ്ചര്യപ്പെടുകയും ചെയ്തു" (മർക്കൊ. 5:20).

### പക്ഷവാതരോഗിയെ സൗഖ്യമാക്കുന്നു (9:1-8)

സംഭവം പട്ടണത്തിലെ ഒരു മുറിയാണ്, അവിടെ യേശു ഒരു പക്ഷവാത രോഗിയെ സൗഖ്യമാക്കുകയും അവന്റെ പാപങ്ങൾ മോചിച്ചുകൊടുക്കയും ചെയ്തു. എന്നാൽ യെഹൂദ പ്രമാണിമാർ യേശുവിൽ ദൈവദൂഷണ കുറ്റം ചുമത്തി, പക്ഷെ സാധാരണക്കാർ അവന്റെ അത്ഭുതപ്രവൃത്തികളിൽ വിസ്മ യിക്കുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്തു.

**1അവൻ പടകിൽ കയറി ഇക്കരെക്കു കടന്നു സ്വന്ത പട്ടണത്തിൽ എത്തി. അവിടെ ചിലർ കിടക്കമേൽ കിടക്കുന്ന ഒരു പക്ഷവാതക്കാരനെ അവന്റെ അടുക്കൽ കൊണ്ടുവന്നു.**

**2യേശു അവരുടെ വിശ്വാസം കണ്ട്, പക്ഷവാതക്കാരനോട്, "മകനേ,**
**ധൈര്യമായിരിക്ക; നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു" എന്നു**
**പറഞ്ഞു. 3എന്നാൽ ശാസ്ത്രിമാരിൽ ചിലർ, "ഇവൻ ദൈവ ദൂഷണം**
**പറയുന്നു" എന്നു ഉള്ളംകൊണ്ടു പറഞ്ഞു. 4യേശുവോ അവരുടെ നിരൂപണം**
**ഗ്രഹിച്ചു: "നിങ്ങൾ ഹൃദയത്തിൽ ദോഷം നിരൂപിക്കുന്നത് എന്ത്? 5നിന്റെ പാ**
**പങ്ങൾ മോചിച്ചു തന്നിരിക്കുന്നു എന്നു പറയുന്നതോ, എഴുന്നേറ്റു നടക്ക**
**എന്നു പറയുന്നതോ ഏതാകുന്നു എളുപ്പം" എന്നു ചോദിച്ചു. 6എങ്കിലും**
**ഭൂമിയിൽ പാപങ്ങളെ മോചിപ്പാൻ മനുഷ്യപുത്രന്ന് അധികാരം ഉണ്ടെന്ന് നി**
**ങ്ങൾ അറിയേണ്ടതിന്നു അവൻ പക്ഷവാതക്കാരനോട്, "ഏഴുന്നേറ്റു കിടക്ക**
**എടുത്തു വീട്ടിൽ പോക" എന്നു പറഞ്ഞു. 7അവൻ എഴുന്നേറ്റു വീട്ടിൽ പോ**
**യി. 8പുരുഷാരം അതു കണ്ടു ഭയപ്പെട്ടു; മനുഷ്യർക്ക് ഇങ്ങനെയുള്ള അധി**
**കാരം കൊടുത്ത ദൈവത്തെ മഹത്വപ്പെടുത്തി.**

**വാക്യം 1.** ഗദരയിൽ വിസ്മയിപ്പിക്കുന്ന അത്ഭുതം ചെയ്തിട്ടും, പട്ടണം മുഴുവൻ അവരുടെ അതിർത്തി വിട്ടുപോകുവാൻ യേശുവിനോട് ആവശ്യ പ്പെട്ടു. സമ്മതിച്ചുകൊണ്ട് അവൻ **ചെറുപടകിൽ കയറി മറുകരക്ക് പോയി.** "പടകിൽ" കയറി "മറുകരക്ക് പോയി" എന്ന പ്രയോഗം കഴിഞ്ഞ അദ്ധ്യായ ത്തിലും നാം കണ്ടതു (8:18, 23, 28) സൂചിപ്പിക്കുന്നത് യേശു കടലിനടുത്തുള്ള പട്ടണങ്ങളിൽ അങ്ങോട്ടുമിങ്ങോട്ടും സഞ്ചരിച്ചുകൊണ്ടിരുന്നു എന്നാണ്.

കടലിന്റെ കിഴക്കുഭാഗത്തുനിന്നു യേശു മടങ്ങിവന്നു, അവിടെ അധി കവും ജാതികളായിരുന്നു ഉണ്ടായിരുന്നത്, അതിനു പടിഞ്ഞാറായി യെഹൂദ ന്മാരുമായിരുന്നു ഉണ്ടായിരുന്നത്. ഒരു സമയത്ത്, **അവൻ സ്വന്ത പട്ടണമായ കഫർന്നുഹൂമിലെത്തി,** അത് ഗലീലാ കടലിന്റെ വടക്കുഭാഗത്താണ് (4:13 ന്റെ പരാമർശം നോക്കുക). മുമ്പിലത്തേ പോലെ, ഈ സമയത്ത്, അവൻ പത്രൊ സിന്റെ കുടുംബത്തോടൊപ്പമായിരിക്കാം താമസിച്ചിരുന്നത് (8:5, 14; മർക്കൊ. 1:21, 29; 2:1).

**വാക്യം 2.** മുൻപ്, യേശു കഫർന്നഹൂം വിട്ടുപോയതിന്റെ കാരണം പു രുഷാരം തിങ്ങി കൂടിയതു നിമിത്തവും ശാരീരിക ക്ഷീണം നിമിത്തവുമായി രുന്നേക്കാം (8:18; മർക്കൊ. 1:35–38; ലൂക്കൊ. 5:15, 16). എങ്ങനെയായാലും, അവൻ തന്റെ "സ്വന്ത പട്ടണത്തിൽ എത്തി." അവൻ എത്തിയ വിവരം ഉടനെ

എല്ലാവരും അറിഞ്ഞു. ഒരിക്കൽ കൂടെ പുരുഷാരം സൗഖ്യമാക്കുവാനായി അവരുടെ രോഗികളെയും കൊണ്ട് വന്നുകൂടി; ദൈവത്തിന്റെ വലിയ മനസലിവ്, കരുണയോടെ അവൻ പ്രകടമാക്കി (9:8; മർക്കൊ. 2:1, 2; ലൂക്കൊ. 5:15).

മറ്റു രണ്ടു സുവിശേഷ വിവരണങ്ങൾ നൽകുന്ന വിശദാംശങ്ങൾ, **കിടക്കയിൽ കിടക്കുന്ന പക്ഷവാതരോഗിയെ** കുറിച്ചു മത്തായി നൽകുന്നില്ല (മർക്കൊ. 2:1–12; ലൂക്കൊ. 5:17–26). തീർച്ചയായും, അവന്റെ പക്ഷവാതം കഠിനമായിരുന്നതിനാൽ, അവനെ ചുമന്നുകൊണ്ടാണ് യേശുവിന്റെ അടുക്കൽ കൊണ്ടുവന്നത്.

നാല് സ്നേഹിതന്മാരോ, അല്ലെങ്കിൽ കുടുംബാംഗങ്ങളോ ചേർന്ന് ആ രോഗിയെ **അവന്റെ അടുക്കൽ** കൊണ്ടുവന്നപ്പോൾ, പുരുഷാരം നിമിത്തം അവർക്ക് യേശു ഉള്ള വീട്ടിലേക്ക് പ്രവേശിക്കുവാൻ കഴിഞ്ഞിരുന്നില്ല എന്നാണ് മർക്കൊസും ലൂക്കൊസും പറയുന്നത് (മർക്കൊ. 2:4, 5; ലൂക്കൊ. 5:19). ചാതുര്യത്തോടെ അവർ, വീടിന്റെ മേൽക്കൂരയിൽ കയറി, അത് ഒരുപക്ഷെ പരന്നതായിരുന്നിരിക്കാം, മേൽക്കുര ഇളക്കി മാറ്റി കിടക്ക ഇറക്കാവുന്ന ദ്വാരമുണ്ടാക്കി. അങ്ങനെ മേൽക്കൂര വഴി ആ മനുഷ്യനെ യേശു ഇരുന്നിരുന്ന വീടിനകത്തേക്ക് ഇറക്കി (മർക്കൊ. 2:3, 4; ലൂക്കൊ. 5:18, 19).

ആ നാലു പേരുടേയും പക്ഷവാതരോഗിയുടേയും **വിശ്വാസം** കണ്ടിട്ട്, യേശുവിന്റെ ആദ്യവാക്കുകൾ, **"മകനേ, ധൈര്യമായിരിക്ക"** എന്നായിരുന്നു. "ധൈര്യം സംഭരിക്കുക" എന്നതിന് ഇവിടെ ഉപയോഗിച്ച ഗ്രീക്ക് വാക്ക് (*താർസെയോ*) സൂചിപ്പിക്കുന്നത് ഭയം നീക്കുന്നതിനു ചിന്തിക്കുക എന്നാണ്. കർത്താവ് അവനോട് പറഞ്ഞത്, "ഭയപ്പെടേണ്ട." **പക്ഷവാതരോഗി** ഭയപ്പെടുവാൻ കാരണം ഉണ്ട്: അവന്റെ മോശമായ ആരോഗ്യാവസ്ഥ, തന്റെ സ്നേഹിതന്മാർ ചെയ്ത പ്രവൃത്തിയോടുള്ള പുരുഷാരത്തിന്റെ പ്രതികരണം, അത്തരം ശക്തിയുള്ളവന്റെ മുൻപിലാണ് എത്തിയിരിക്കുന്നത്.

"മകൻ" എന്ന വാക്ക് (*ടെക്നോൺ*) "കുട്ടി" എന്നും തർജിമ ചെയ്യാം (എൻജെബി). സിവിഈയിൽ തർജിമ ചെയ്തിരിക്കുന്നത് "സ്നേഹിതാ" എന്നാണ്. ഏതു പ്രായത്തിലും, ലിംഗത്തിലും ഉള്ള കുട്ടിയോ അല്ലെങ്കിൽ, അടുത്ത വ്യക്തിബന്ധമുള്ള ആളോ ആകാം. ലൂക്കൊസ് 5:18 ആ പക്ഷവാതരോഗിയെ ഒരു "മനുഷ്യൻ" പറഞ്ഞിരിക്കുന്നത് സ്നേഹപ്രകടനമായിട്ടായിരിക്കാം.

യേശു ആ മനുഷ്യനോട് പിന്നെ പറഞ്ഞത്, **"നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു"** എന്നാണ്. അവൻ അങ്ങനെ ഉറപ്പിച്ചു പറഞ്ഞ രണ്ടു സന്ദർഭങ്ങളിൽ ഒന്നായിരുന്നു ഇത് (9:2; ലൂക്കൊ. 7:48; ലൂക്കൊ. 23:43 നോക്കുക).

എല്ലാ രോഗവും പാപം നിമിത്തമല്ല എന്ന് യേശു ജനങ്ങളെ ധരിപ്പിച്ചിരുന്നു (ലൂക്കൊ. 13:1–5; യോഹ. 9:1–3).[12] അപ്പോൾ, യേശു എന്തിനാണ് ആ വാക്കുകൾ പക്ഷവാതരോഗിയോട് പറഞ്ഞത്? പാപപ്രശ്നം ആദ്യം പരിഹരിക്കേണ്ടതായുണ്ട് എന്ന് യേശു മനസിലാക്കിയതുകൊണ്ടാകാം. വാമൊഴിയായി അന്നു പഠിപ്പിച്ചിരുന്നതും പിന്നീട് താൽമൂദിൽ എഴുതിയതുമായ "പാപങ്ങൾ മുഴുവൻ മോചിച്ചു കിട്ടാതെ ഒരാളുടെ രോഗം മാറുകയില്ല." എന്നതു ആ സദസിന് പരിചയമുണ്ടായിരുന്നേക്കാം.[13] മറ്റൊരു സാധ്യത എന്തെന്നാൽ, ആ മനുഷ്യന്റെ രോഗം പാപം നിമിത്തം ആയിരുന്നേക്കാം (യാക്കൊ. 5:14–16). പാപം നിമിത്തമാണ് തനിക്ക് പക്ഷവാതം വന്നത് എന്ന് ആ മനുഷ്യൻ വിശ്വസിച്ചിരിക്കാം. വാസ്തവത്തിലുള്ള സാഹചര്യം എന്തായാലും, യേശുവിന്റെ

വാക്കുകൾ ആ മനുഷ്യന് വലിയ ആശ്വാസം പകർന്നു.

**വാക്യം 3.** ആ പാപമോചന പ്രഖ്യാപനം പുതിയ ഉപദേഷ്ടാവിന്റെ ശുശ്രൂഷയെ വിധിക്കുവാൻ വന്നവരുടെ ശത്രുതക്ക് കാരണമായി. അവന്റെ ഉപദേശം ആളുകൾക്കിടയിൽ വലിയ ചലനമാണുണ്ടാക്കിയത്, "തൻനിമിത്തം, യെരുശലേം, യെഹൂദ്യ, ഗലീലാ തുടങ്ങിയ ഗ്രാമങ്ങളിൽനിന്ന് യെഹൂദ പ്രമാണിമാർ അവനെ കേൾക്കുവാൻ വന്നിരുന്നു" (ലൂക്കൊ. 5:17). മുൻപ് അവനോട് വിരോധമില്ലാതിരുന്ന **ചില ശാസ്ത്രിമാരും** ഇപ്പോൾ ഏതാനും പരീശന്മാരോട് ചേർന്നു (ലൂക്കൊ. 5:21), ദൈവത്തെ ദുഷിക്കുന്നു എന്നു കുറ്റപ്പെടുത്തി. "ഈ **മനുഷ്യൻ ദൈവദുഷണം പറയുന്നു,**" "ദൈവത്തിനല്ലാതെ അത് ആർക്കു ക്ഷമിക്കുവാൻ കഴിയും?" (മർക്കൊ. 2:7). പാപമോചനം ദൈവത്തിൽ മാത്രമാണെന്നാണ് അവർ മനസിലാക്കിയിട്ടുള്ളത് (സങ്കീ. 103:12; യെശ. 1:18; 43:25; 55:6, 7; യിരെ. 31:34; മീഖാ. 7:18, 19).

**വാക്യം 4.** യേശുവിനോട് ശത്രുത ആരംഭിച്ച സംഭവമായിരുന്നു അത്. മത്തായി പറഞ്ഞതനുസരിച്ച്, ദൈവ ദൂഷണ കുറ്റം അവർ ഉറക്കെ പറഞ്ഞില്ല. യേശുവിന്റെ കുറ്റാരോപകർ അത് "തങ്ങളിൽ തന്നെ" അല്ലെങ്കിൽ "തങ്ങളോടു തന്നെ" പറഞ്ഞു (9:3; കെജെവി). എങ്ങനെയായാലും, അവരുടെ വിചാരം മനസിലാക്കുവാൻ **യേശുവിന് കഴിയുമായിരുന്നു** (12:25; 22:18; ലൂക്കൊ. 9:47; യോഹ. 1:47, 48; 2:25; 21:17). അവൻ അവരോട് പറഞ്ഞു, **"നിങ്ങൾ നിങ്ങളുടെ ഹൃദയങ്ങളിൽ ദോഷം നിരൂപിക്കുന്നത് എന്ത്?"** അവന്റെ ദൈവികത്വത്തെ സംശയിക്കുന്നവർക്ക് ആ ചോദ്യം മാത്രം മതിയാകും. അവരുടെ വിചാരങ്ങളെ മാത്രമല്ല, അതിന്റെ പിന്നിലുള്ള ദോഷത്തെയും അവൻ മനസിലാക്കി. "ദോഷം" എന്നു പറഞ്ഞിരിക്കുന്നത്, "ദുഷ്പ്രവൃത്തിക്കായുള്ള അവരുടെ ആലോചനയാണ് ഇവിടെ യേശുവിനെതിരായിട്ടുള്ള ദുർച്ചിന്തയാണ്."[14] ദൈവത്തെ ആദരിക്കൽ സംരക്ഷിക്കുന്നത് നല്ല പ്രവൃത്തിയായിട്ടാണ് ശാസ്ത്രിമാർ വിചാരിച്ചത്, പക്ഷെ ദൈവപുത്രനെ എതിർത്തതിലൂടെ അവർ ദൈവത്തെയാണ് എതിർത്തത്. യേശു പറഞ്ഞു, "പുത്രനെ ബഹുമാനിക്കാത്തവൻ അവൻ അയച്ച പിതാവിനേയും ബഹുമാനിക്കുന്നില്ല" (യോഹ. 5:23).

**വാക്യം 5.** യേശു പിന്നെ അവരോട് പ്രതികരിച്ചത്, ആലങ്കാരികമായ ഒരു ചോദ്യത്താലാണ്: **" 'നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു' എന്നു പറയുന്നതോ അതോ 'കിടക്ക എടുത്തു നടക്ക' എന്നു പറയുന്നതോ ഏതാകുന്നു എളുപ്പം?"** ഒരു രീതിയിൽ, "നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു" എന്നു പറയുന്നത് എളുപ്പമാണ്, കാരണം നോക്കി നിൽക്കുന്നവർക്ക് ആ പ്രസ്താവനയുടെ സാധുത ഉറപ്പിക്കുവാനോ നിഷേധിക്കുവാനോ കഴിയുകയില്ല. അതിൽനിന്നു വ്യത്യസ്തമായി, "കിടക്ക എടുത്തു നടക്ക" എന്നു പറയുന്നത്, പക്ഷവാത രോഗിയുടെ പ്രതികരണത്താൽ വിലയിരുത്താവുന്നതായിരുന്നു. ആ മനുഷ്യൻ പ്രതികരിച്ചില്ലെങ്കിൽ, യേശു വ്യാജനാണെന്ന് തെളിയും.

മറുവശത്ത്, "നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു" എന്നു പറയുന്നത് ബുദ്ധിമുട്ടുള്ള കാര്യമാണ്, കാരണം പാപമോചനം കൊടുക്കുവാൻ ദൈവത്തിനു മാത്രമെ കഴിയു. ഒരു മനുഷ്യന് രോഗശാന്തി വരുത്തുവാനുള്ള ശക്തി കൊടുത്തിരിക്കാം, അതിനർത്ഥം അയാൾക്ക് പാപമോചനം പ്രഖ്യാപിക്കുവാനുള്ള അവകാശം ഉണ്ടെന്നല്ല. "നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു" എന്നു പറയുന്നതുപോലെ തന്നെ എളുപ്പമുള്ളതാണ് "നിന്റെ കിടക്ക എടുത്തു നടക്ക" എന്നു പറയുന്നതുമെന്ന് തന്റെ ശത്രുക്കൾ അറിയുവാൻ

യേശു ആഗ്രഹിച്ചു. ശാരീരികമായും ആത്മികമായും സൗഖ്യമാക്കുവാനുള്ള ശക്തി തനിക്കുണ്ടെന്ന് അവൻ ചിത്രീകരിക്കുകയായിരുന്നു.

**വാക്യങ്ങൾ 6, 7.** സ്വാഭാവിക ലോകത്തിലും ആത്മികലോകത്തിലും യജമാനനുള്ള അധികാരത്തെ പ്രകടമാക്കി, ഇപ്പോൾ നിത്യലോകത്തിന്മേലുള്ള അവന്റെ അധികാരത്തെ പ്രദർശിപ്പിച്ചു (7:28, 29; 8:9 ന്റെ പരാമർശം നോക്കുക). സ്വർഗത്തിൽനിന്നായാലും **ഭൂമിയിൽ** നിന്നായാലും അവനു **പാപങ്ങൾ മോചിച്ചു കൊടുക്കുവാനുള്ള** അധികാരം ഉണ്ടായിരുന്നു. അവൻ സ്വയം-പറഞ്ഞ **മനുഷ്യപുത്രൻ** എന്നതു ഉറപ്പിക്കുന്നതായിരുന്നു ആ അധികാരം. ദാനിയേൽ 7:13, 14 ലെ പ്രവചനത്തിൽ പുരാതന കാലം മുതൽ മനുഷ്യപുത്രന് "ആധിപത്യവും, രാജ്യവും, മഹത്വവും" ഉള്ളതായി പറഞ്ഞിരിക്കുന്നു.

പാപം മോചിച്ചുകൊടുപ്പാൻ യേശുവിനു അധികാരമുള്ളതിന്റെ തെളിവിനായി, **പക്ഷവാതരോഗിയോട് അവൻ പറഞ്ഞു, "കിടക്ക എടുത്ത് വീട്ടിലേക്ക് പോക."** കിടക്കയോടുകൂടെ ചുമന്നാണ് അവനെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നത് (9:2); ഇപ്പോൾ സ്വന്ത കിടക്ക ചുമന്നു വീട്ടിലേക്ക് പോകുവാനാണ് യേശു അവനോട് പറഞ്ഞത്. മൗൺസ് വിവരിച്ചു, "തറയിൽ പായ് പോലുള്ള ഒന്ന് വിരിച്ചാണ്, യേശുവിന്റെ കാലത്ത് അധികം ആളുകളും കിടന്നിരുന്നത്. അതുകൊണ്ട് *പായ്* [എൻഐവി] പ്രയാസമില്ലാതെ ചുമന്നു കൊണ്ടുപോകുവാൻ കഴിഞ്ഞിരുന്നു."[15] യാതൊരു മടിയും കൂടാതെ, യേശുവിന്റെ വാക്ക് കേട്ട്, ആ മനുഷ്യൻ **എഴുന്നേറ്റ് വീട്ടിലേക്ക് മടങ്ങി പോയി**. ശരീരത്തെയും ആത്മാവിനേയും സൗഖ്യമാക്കുവാനുള്ള യേശുവിന്റെ ശക്തി അങ്ങനെ, സാക്ഷീകരിക്കപ്പെട്ടു.

**വാക്യം 8.** ആ മനുഷ്യൻ എഴുന്നേറ്റു കിടക്ക എടുത്ത് വീട്ടിലേക്ക് പോകുന്നതു കണ്ട **പുരുഷാരം** വിസ്മയിച്ചു. മർക്കൊ. 2:12 പറയുന്നു, "ഉടനെ അവൻ എഴുന്നേറ്റു കിടക്ക എടുത്ത് എല്ലാവരും കാൺകെ പുറപ്പെട്ടു." അതുകൊണ്ട് "എല്ലാവരും വിസ്മയിച്ചു." **അവർ ഭയപ്പെട്ടു** എന്നാണ് മത്തായി രേഖപ്പെടുത്തിയത്. ഇവിടെ ഉപയോഗിച്ച ഗ്രീക്ക് ക്രിയ *ഫോബെയോ, ഫോബോസ്* എന്ന സർവ്വനാമത്തിൽനിന്നു വന്നതാണ്, അതിൽനിന്നാണ് "ഫോബിയ" എന്ന വാക്ക് വന്നത്. ആ വാക്ക് പലപ്പോഴും "ഭയം" എന്നു തർജിമ ചെയ്തിരിക്കുന്നുവെങ്കിലും, പുതിയനിയമത്തിൽ അത് ചിലപ്പോൾ "ബഹുമാനത്തോടുകൂടിയ ആശ്ചര്യത്തെ" സൂചിപ്പിക്കുവാനും ഉപയോഗിച്ചിട്ടുണ്ട് (ലൂക്കൊ. 1:50; 18:2, 4; പ്രവൃ. 10:35; 13:16, 26; റോമ. 3:18; 2 കൊരി. 5:11; 7:1; കൊലൊ. 3:22; 1 പത്രൊ. 1:17; 2:17; വെളി. 11:18; 14:7; 19:5). മനുഷ്യർക്ക് ഇങ്ങനെയുള്ള **അധികാരം കൊടുത്ത ദൈവത്തെ അതു കണ്ടവരെല്ലാം മഹത്വപ്പെടുത്തി**. അവർ ഭയന്നതുകൊണ്ടാണെങ്കിൽ ദൈവത്തെ മഹത്വപ്പെടുത്തുവാൻ സാധ്യതയില്ല.

## പാഠങ്ങൾ

### "ആരാണ് യേശു?" (8:27)

യേശു കാറ്റിനെ ശാന്തമാക്കിയപ്പോൾ, ശിഷ്യന്മാർ പരസ്പരം അതിശയത്തോടെ ചോദിച്ചു, "ഇവൻ എങ്ങനെയുള്ളവൻ? കാറ്റും കടലും പോലും അവനെ അനുസരിക്കുന്നുവല്ലൊ?" (8:27). മർക്കൊസിന്റെ വിവരണത്തിൽ ചോദിച്ചിരിക്കുന്നത്, "ഇവൻ ആർ ...?" എന്നാണ് (മർക്കൊ. 4:41; എൻഎൽടി). സുവിശേഷങ്ങളിൽ, യേശുവിനെ തിരിച്ചറിയുന്ന ചോദ്യങ്ങൾ വളരെ പ്രാ

ധാന്യമുള്ളതാണ്. സ്നാനപ്പെട്ടപ്പോഴും, മറുരൂപമലയിൽ വെച്ചും പിതാവായ ദൈവം അവനെ തിരിച്ചറിയിച്ചത് തന്റെ പുത്രൻ ആയിട്ടാണ് (3:17; 17:5). സാത്താൻ യേശുവിനെ തിരിച്ചറിഞ്ഞത് ദൈവപുത്രനായിട്ടാണ്, ആ വസ്തുത വെച്ചുകൊണ്ടാണ് സാത്താൻ യേശുവിനെ പരീക്ഷിച്ചത് (4:3, 6). ഭൂതങ്ങളും യേശുവിന്റെ ദൈവികത്വത്തെ തിരിച്ചറിഞ്ഞിരുന്നു (8:29). എങ്ങനെയായാലും, യേശുവിനെ തിരിച്ചറിയുന്ന കാര്യത്തിൽ യെഹൂദന്മാർക്കിടയിൽ പലപ്പോഴും തർക്കമുണ്ടായി (16:13, 14; മർക്കൊ. 6:14–16; യോഹ. 7:40–44). അവൻ വാസ്തവത്തിൽ ആരായിരുന്നു എന്നതിനെ സംബന്ധിച്ച് അവന്റെ സ്വന്തശിഷ്യന്മാർക്കിടയിൽ പോലും അനിശ്ചിതാവസ്ഥയുണ്ടായിരുന്നു. ഇതിനെ കുറിച്ച് യേശു ചോദിച്ചപ്പോൾ പത്രൊസ് നല്ല ഏറ്റുപറച്ചൽ നടത്തി: “നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആകുന്നു” (16:16). എങ്ങനെയായാലും, ഉയർത്തെഴുന്നേൽപിനുശേഷവും ചില ശിഷ്യന്മാർ സംശയിച്ചിരുന്നു (28:17).

“യേശു ആരാണ്?” എന്നത് ഒരാൾക്ക് ഉത്തരം പറയാവുന്ന ഏറ്റവും നല്ല ചോദ്യമാണ്. ദൈവപുത്രനായ ക്രിസ്തു, നിത്യജീവങ്കലേക്കുള്ള ഏകവഴിയായി തിരിച്ചറിയിച്ചിരിക്കുന്നു (യോഹ. 14:6; പ്രവൃ. 4:12). “ഞാൻ അങ്ങനെയുള്ളവൻ എന്നു നിങ്ങൾ വിശ്വസിച്ചില്ലെങ്കിൽ, നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും” എന്നും അവൻ പറഞ്ഞിരുന്നു (യോഹ. 8:24; എൻഐവി). ദൈവകൃപയോടുള്ള മനുഷ്യന്റെ വിശ്വാസ പ്രതികരണമാണ് രക്ഷക്കായുള്ള നല്ല ഏറ്റുപറച്ചൽ (10:32, 33; പ്രവൃ. 8:37; റോമർ. 10:9, 10; 1 തിമൊ. 6:12). യേശുവിനെ കുറിച്ച് നാം എങ്ങനെ ഉത്തരം പറയുന്നു എന്നത് നമ്മുടെ അന്തിമ സ്ഥാനത്തെ നിർണ്ണയിക്കും.

ഡേവിഡ് സ്റ്റുവർട്ട്

**ഭൂതങ്ങൾ (8:28-34)**

ഭൂതങ്ങളുടെ ഉത്ഭവത്തെ കുറിച്ച് പല വിശദീകരണങ്ങളും നൽകപ്പെട്ടിട്ടുണ്ട്. അവർ ദുഷ്ട മനുഷ്യരുടെ ആത്മാക്കൾ ഭൂമിയിൽ അലഞ്ഞുതിരിയുന്നതാണെന്ന് ചിലർ വിശ്വസിക്കുന്നു. ഒരാൾ വീണ്ടും മറ്റൊരാളുടെ ശരീരത്തിൽ വന്നു വസിക്കുന്ന ഒരു ഉദാഹരണം പോലും ബൈബിളിൽ ഇല്ല. അവർ ദുഷ്ടത പ്രവർത്തിക്കുവാൻ ദൈവത്താൽ സൃഷ്ടിക്കപ്പെട്ടവരാണെന്ന് വേറെ ചിലർ വിശ്വസിക്കുന്നു. ആ വീക്ഷണം തള്ളിക്കളയണം കാരണം ആരംഭത്തിൽ “ദൈവം സൃഷ്ടിച്ചതെല്ലാം നന്നായിരുന്നു” (ഉൽപ. 1:31). അവർ വീണുപോയ ദൂതന്മാരാണ് എന്നതാണ് യുക്തിപരമായ ഉത്തരം (2 പത്രൊസ് 2:4; യൂദാ. 6). അവർ സാത്താന്റെ നേതൃത്വത്തിൻ കീഴിലാണ് (12:24; 25:41; മർക്കൊ. 3:22, 23).

ഭൂതങ്ങളെ കുറിച്ചുള്ള പഠനം വ്യക്തമാക്കുന്നത് ഭൂത ബാധ പുതിയനിയമത്തിലെ ഒരു പ്രത്യേകതയുള്ള പ്രതിഭാസമാണ്. ശൗൽ രാജാവിനെ ഭയപ്പെടുത്തിയ “അശുദ്ധാത്മാവിനെ” കുറിച്ചു പറഞ്ഞിട്ടുണ്ട് (1 ശമു. 16:14–23). അത് എന്തായിരുന്നാലും, പുതിയനിയമത്തിലെ ഭൂതബാധയുമായി ബന്ധമൊന്നും ഇല്ലായിരുന്നു. ആരുടെയെങ്കിലും ശരീരത്തിൽ കടന്നു ആ ശരീരത്തെ നിയന്ത്രിക്കുന്ന ഒരു ഉദാഹരണം പോലും പഴയനിയമത്തിൽ ഇല്ല.

ഒന്നാം നൂറ്റാണ്ടിലെ അത്ഭുത പ്രദർശന കാലയളവിൽ, സാത്താന്റെ മേൽ ക്രിസ്തുവിനുള്ള അധികാരം പ്രകടമാക്കുവാൻ ദൈവം ഭൂതങ്ങളെ ശരീരങ്ങളിൽ വസിപ്പാൻ അനുവദിച്ചിരിക്കണം. ഭൂതബാധ സുവിശേഷങ്ങ

ളിലും, പ്രവൃത്തികളിലും പറഞ്ഞിട്ടുണ്ട്. എന്നാൽ ശേഷമുള്ള പുതിയനിയമ പുസ്തകങ്ങളിൽ ഒന്നിലും ഇല്ല. ഭൂതങ്ങളെ പുറത്താക്കുവാനുള്ള ശക്തി നിന്നുപോയപ്പോൾ ശരീരങ്ങളിൽ വസിപ്പാൻ പിന്നെ അവയെ അനുവദിച്ചില്ല എന്നതാണ് യുക്തിപരമായ തീർപ്പ്.

"ബാധഒഴിക്കൽ" എന്ന വാക്കിന്റെ (*എക്സോർകിസോ*) അർത്ഥം "ആവഹിച്ച് ഒഴിക്കുക" എന്നാണ്, അതു ഭൂതങ്ങളെ പുറത്താക്കുന്നതിന് പുതിയ നിയമത്തിൽ ഉപയോഗിച്ചിട്ടില്ല. അത് ഒരു മനുഷ്യനിൽ ഭൂതമുണ്ടെന്ന് പറയപ്പെടുന്നതിനെ മന്ത്രോച്ചാരണത്താൽ ഭൂതത്തെ ഓടിക്കുന്നതാണ്. കപടവേഷക്കാർ ഇന്നും ബാധ ഒഴിപ്പിക്കൽ പണസമ്പാദ്യത്തിനായി ഉപയോഗിക്കുന്നുണ്ട്.

ഇപ്പോഴും ആളുകളുടെ ശരീരത്തിൽ ഭൂതം കടക്കും എന്നാണ് ചിലർ വിശ്വസിക്കുന്നത്. ലിൻ ഏ. മെക്മില്ലൻ വിവരിച്ചു,

> അപരിഷ്കൃത രാജ്യങ്ങളിൽ ഭൂതബാധയുള്ളതായി ചില നാമധേയ വിഭാഗങ്ങളിലെ മിഷ്ണറിമാരും സാമൂഹ്യപ്രവർത്തകരും പറഞ്ഞു കേൾക്കുകയും പരിശോധിക്കപ്പെടുകയും ചെയ്തിരിക്കുന്നു. ചൈന, ഇന്ത്യ, ബോർണിയോ, ആഫ്രിക്ക തുടങ്ങിയ രാജ്യങ്ങളിലെ ഉൾപ്രദേശങ്ങളിൽനിന്നാണ് ഭൂതബാധയെ കുറിച്ചുള്ള വിവരങ്ങൾ വരുന്നത്. വിദ്യാഭ്യാസവും പരിഷ്ക്കാരവും എത്തിയ സ്ഥലങ്ങളിൽ ഇത്തരം ഭൂതബാധകളുടെ വിവരങ്ങൾ കുറഞ്ഞു വരുന്നതായി സാമൂഹ്യമനശാസ്ത്രജ്ഞന്മാർ പറയുന്നു. ആധുനിക സാങ്കേതിക മുന്നേറ്റം ഇതുപോലെയുള്ള വിശ്വാസങ്ങളെ മാറ്റി കൊണ്ടുവരുവാൻ സഹായിക്കും. ഭൂതബാധയെ സ്വീകരിച്ചിരിക്കുന്നവർ പല രൂപത്തിലും ഭാവത്തിലും അതിന്റെ സ്വഭാവം വിശദമാക്കുന്നത് ആചാരത്തിന്റേയോ സംസ്ക്കാരത്തിന്റേയോ ഭാഗമാണെന്ന് ഉത്തരവാദിത്തത്തോടെ പറയുവാൻ കഴിയും, ആ "ബാധകൾക്ക്" മറ്റാരുമല്ല ഉത്തരവാദികൾ എന്നു തീർത്തു പറയാം.[16]

ഇന്ന് ശരീരങ്ങളിൽ വസിക്കുവാൻ ഭൂതങ്ങളെ അനുവദിക്കുന്നില്ല. എങ്കിലും അവരുടെ സ്വാധീനം ലോകത്തിലുള്ളതിനാൽ, പ്രതിരോധിക്കണം (യാക്കൊ. 4:7, 8).

### രക്ഷിക്കുന്ന വിശ്വാസം (8:29)

യേശു ദൈവപുത്രനാണെന്ന് ഭൂതങ്ങൾ തുറന്ന് ഏറ്റു പറഞ്ഞിരുന്നു (8:29) അനിശ്ചിതത്വ പ്രസ്താവനയായിരുന്നില്ല അവരുടേത്. രക്ഷിക്കപ്പെടുവാൻ വിശ്വാസം മാത്രം പോരാ എന്ന ബൈബിൾ വസ്തുത ഉറപ്പിക്കുന്നതാണ് അത്. പ്രവർത്തനരഹിതമായ, നിർജീവമായ വിശ്വാസം നമ്മെ രക്ഷിക്കുകയില്ല. "ചത്ത" വിശ്വാസത്തെ കുറിച്ചു ചർച്ച ചെയ്തു യാക്കൊബ് പറഞ്ഞു: "ദൈവം ഏകനെന്ന് നിങ്ങൾ വിശ്വസിക്കുന്നുവോ; കൊള്ളാം പിശാചുക്കളും വിശ്വസിക്കയും വിറെക്കുകയും ചെയ്യുന്നു" (യാക്കൊ. 2:17, 19).

### നമ്മുടെ ഏറ്റവും വലിയ ആവശ്യം (9:1-8)

ആത്മിയമായ കാര്യങ്ങൾ ആളുകളോട് പറയുന്നതിനു മുൻപ് ആദ്യം അവരുടെ ഭൗതികമായ ആവശ്യങ്ങൾ നിറവേറ്റണം എന്ന് പലപ്പോഴും പറഞ്ഞു കേൾക്കാറുണ്ട്. ജീവിതത്തിലെ അടിസ്ഥാന ആവശ്യങ്ങളായ ആഹാ

രം, വസ്ത്രം, ഭവനം തുടങ്ങിയവ ഒരാൾക്കു കുറവാണെങ്കിൽ, ആത്മിയ കാര്യങ്ങളിൽ ശ്രദ്ധിക്കുവാൻ കഴിഞ്ഞെന്നു വരികയില്ല. എന്നാൽ നാം അത് സഹായിക്കുകയാണെങ്കിൽ അതിനു അവസാനം വരികയില്ല എന്നത് ഒരു വസ്തുതയാണ്. എങ്ങനെയായാലും, യേശു പക്ഷവാതരോഗിയുടെ ആത്മി കാവശ്യമാണ് ആദ്യം കൈകാര്യം ചെയ്യുന്നത്: അവൻ അയാളുടെ പാപങ്ങൾ ക്ഷമിച്ചുകൊടുത്തു. അതിനുശേഷം അവന്റെ പക്ഷവാതരോഗം അവൻ സൗഖ്യമാക്കി. ദൈവത്തോടുള്ള നമ്മുടെ ബന്ധം പുനഃസ്ഥാപിച്ചുകഴിഞ്ഞാൽ നമ്മുടെ ശാരീരികമായ ആവശ്യങ്ങൾ അവൻ നിറവേറ്റുക തന്നെ ചേയ്യും.

ഡേവിഡ് സ്റ്റുവർട്ട്

---

കുറിപ്പുകൾ

[1]റോബർട്ട് എച്ച്. മൗൺസ്, *മാത്യു*, ന്യു ഇന്റർനാഷ്ണൽ ബിബിളിക്കൽ കമെന്ററി (പീബഡി, മാസ്.: ഹെൻഡ്രിക്സൺ പബ്ലിഷേഴ്സ്, 1991), 78. [2]മാത്യു ഹെന്റി *കമെന്ററി ഓൺ ദ ഹോൾ ബൈബിൾ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ് ഹൗസ്, 1960), 1243. [3]ഡി. ഏ. കാർസൺ, *യേശു ലോകത്തെ അഭിമുഖീകരിച്ചപ്പോൾ, ആൻ എക്സ്പൊസിഷൻ ഓഫ് മാത്യു 8–10* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1987), 50. [4]ജാക് പി. ലേവിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു,* പാർട്ട് 1, ദ ലിവിങ് വേർഡ് കമെന്ററി (ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ് കമ്പനി., 1976), 129. [5]എൻഐവിയിൽ ഓരോ വാക്യത്തോടൊപ്പം ഓരോ കുറിപ്പും ഉൾപ്പെടുത്തിയിരിക്കുന്നു - മത്തായി 8:28; മർക്കൊസ് 5:1; ലൂക്കൊസ് 8:26 - മറ്റു രണ്ടു സ്ഥലപ്പേരും പറയുന്നു. [6]ജോസെഫസ് *ലൈഫ്* 9.42. [7]വാസിലിയോസ് ട്രാഫെറിസ് നോക്കുക. "ഏ പിൽഗ്രിമേജ് ടു ദ സൈറ്റ് ഓഫ് ദ സ്വൈൻ മിറക്കിൾ" *ബിബിളിക്കൽ ആർക്കിയോളജി റെവ്യു* 15 (മാർച്ച് - ഏപ്രിൽ 1989), 44–51. [8]ലിയോൺ മോറിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, പില്ലർ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1992), 208. [9]ജോസെഫസ് *വാഴ്സ്* 3.3.5. [10]മിഷ്നാ *ബാബാ കമ്മാ* 7.7.

[11]ഡൊണാൾഡ് ഏ. ഹാഗ്നെർ, *മാത്യു 1–13*, വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം. 33 ഏ (ഡള്ളാസ്: വേർഡ് ബുക്സ്, 1993), 227. [12]നോക്കുക താൽമൂദ് *ഷബാത്ത്* 55 ഏ; മിഷ്നാ *സോതാഹ്* 1.7, 8. [13]താൽമൂദ് *നെദാരിൻ* 41 ഏ. [14]മോറിസ്, 216. [15]മോറിസ്, 82. [16]ലിൻ ഏ. മെക്മില്ലൻ, *ഡോക്ട്രിൻസ് ഓഫ് ഡീമൺസ്* (നാഷ്വില്ലേ: ഗോസ്പെൽ അഡ്വൊക്കേറ്റ് കമ്പനി., 1975), 98.